# Malayala Manorama
# 24 August 2018
# Kochi; Flood, UNICEF Assistnce to Children

## പ്രളയക്കെടുതി: കുട്ടികൾക്ക് യുണിസെഫ് സഹായം

■ ധനസഹായം നൽകുന്നത് ചൈൽഡ് ലൈൻ വഴി

കൊച്ചി ● പ്രളയത്തെ തുടർന്നു ക്യാംപുകളിൽ കഴിയേണ്ടി വന്ന കുട്ടികൾ അനുഭവിച്ച മാനസികാവസ്ഥയ്ക്കു പരിഹാരമായി കൗൺസലിങ് ഉൾപ്പെടെയുള്ള പരിഹാര നടപടികൾ സ്വീകരിക്കാൻ യുണിസെഫ് ചൈൽഡ് ലൈനിന് ധനസഹായം അനുവദിച്ചു. കേരളത്തിലെ ആറു ജില്ലകളിലെ പ്രവർത്തനത്തിനാണ് യുണിസെഫ് പ്രത്യേക സഹായം അനുവദിച്ചത്. ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, ഇടുക്കി, വയനാട്, മലപ്പുറം ജില്ലകളിലെ പ്രവർത്തനങ്ങൾക്കാണിത്. ഓരോ ജില്ലയ്ക്കും 1.45 ലക്ഷം രൂപ വീതമാണ് അനുവദിച്ചത്.



ഓരോ ജില്ലയിലെയും 500 കുട്ടികളെ ലക്ഷ്യമിട്ടാണ് ഈ ധനസഹായം അനുവദിച്ചിരിക്കുന്നത്.

കുട്ടികളെ പഴയ നിലയിലേക്കെത്തിക്കാൻ വിവിധ പരിപാടികൾക്കൊപ്പം കുട്ടികൾക്കായി ഹൈജീൻ കിറ്റുകളുടെയും കളിപ്പാട്ടങ്ങളുടെയും വിതരണം എന്നിവയ്ക്കായാണ് ഫണ്ട് അനുവദിക്കുന്നത്.

പ്രളയത്തെ തുടർന്നു വിവിധ ക്യാംപുകളിൽ ചൈൽഡ് ലൈൻ കേരള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

ഈ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ യുണിസെഫിനു സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിച്ചത്.

ചൈൽഡ് ലൈൻ ചെന്നൈ ദക്ഷിണ മേഖലാ ഓഫിസ് വഴിയാണു ഫണ്ട് കൈമാറിയത്. സെപ്റ്റംബറോടെ പദ്ധതി പൂർത്തിയാക്കാനാണ് നിർദേശം.